| 20-01-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- ജ്ഞാനത്തിന്റെ ധാരണയോടൊപ്പം സത്യയുഗീ രാജപദവിയ്ക്കായി ഓർമ്മയുടേയും പവിത്രതയുടേയും ബലം കൂടി സംഭരിക്കൂ.**

**ചോദ്യം-** ഇപ്പോൾ നിങ്ങൾ കുട്ടികളുടെ പുരുഷാർത്ഥത്തിന്റെ ലക്ഷ്യം എന്തായിരിക്കണം?
**ഉത്തരം-** സദാ സന്തോഷമായിരിക്കുക, വളരെ വളരെ മധുരമായി മാറുക, എല്ലാവരേയും സ്നേഹത്തോടെ നയിക്കുക......... ഇത് തന്നെയാണ് നിങ്ങളുടെ പുരുഷാർത്ഥത്തിന്റെ ലക്ഷ്യം. ഇതിലൂടെ നിങ്ങൾ സർവ്വ ഗുണ സമ്പന്നരും 16 കലാ സമ്പൂർണ്ണരുമായി മാറും.

**ചോദ്യം-** ആരുടെ കർമ്മമാണോ ശ്രേഷ്ഠമായിട്ടുള്ളത്, അവരുടെ അടയാളം എന്തായിരിക്കും?
**ഉത്തരം-** അവരിലൂടെ ആർക്കും ദുഃഖം ലഭിക്കില്ല. എങ്ങനെ ബാബ ദുഃഖ ഹർത്താവും സുഖ കർത്താവുമാണോ അതുപോലെ ശ്രേഷ്ഠ കർമ്മം ചെയ്യുന്നവരും ദുഃഖ ഹർത്താവും സുഖ കർത്താവുമായിരിക്കും.

**ഗീതം-** ആകാശ സിംഹാസനം ഉപേക്ഷിച്ച് വന്നാലും.................

**ഓംശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾ ഗീതം കേട്ടുവല്ലോ. മധുര മധുരമായ ആത്മീയ കുട്ടികൾ എന്ന് ആരാണ് പറഞ്ഞത്? രണ്ട് അച്ഛന്മാരും പറഞ്ഞു. നിരാകാരനും പറഞ്ഞു അതുപോലെ സാകാരനും പറഞ്ഞു, അതിനാലാണ് ഇവരെ ബാപ്ദാദ എന്നു പറയുന്നത്. ദാദ സാകാരിയാണ്. ഇപ്പോൾ ഈ ഗീതം ഭക്തിമാർഗ്ഗത്തിലേതാണ്. കുട്ടികൾക്ക് അറിയാം അച്ഛൻ വന്നിട്ടുണ്ട് മാത്രമല്ല ബാബ മുഴുവൻ സൃഷ്ടി ചക്രത്തിന്റേയും ജ്ഞാനം ബുദ്ധിയിൽ നിറച്ചുതന്നിട്ടുണ്ട്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുമുണ്ട്- അതായത് നമ്മൾ 84 ജന്മങ്ങൾ പൂർത്തിയാക്കി, ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്. യോഗം അഥവാ ഓർമ്മയിലൂടെ ഇപ്പോൾ നമുക്ക് പാവനമായി മാറണം. ഓർമ്മയും അറിവും ഇത് എല്ലാകാര്യത്തിലും ഉള്ളതാണ്. വക്കീലിനെ തീർച്ചയായും ഓർമ്മിക്കും പിന്നീട് അവരിൽ നിന്നും അറിവ് നേടും. ഇതിനേയും ഓർമ്മയുടേയും ജ്ഞാനത്തിന്റേയും ബലം എന്നാണ് പറയുക. ഇവിടെ ഇത് പുതിയ കാര്യമാണ്. ആ യോഗത്തിലൂടെയും ജ്ഞാനത്തിലൂടെയും പരിധിയുള്ള ബലമാണ് ലഭിക്കുന്നത്. ഇവിടെ ഈ യോഗത്തിലൂടെയും ജ്ഞാനത്തിലൂടെയും പരിധിയില്ലാത്ത ബലമാണ് ലഭിക്കുന്നത് എന്തുകൊണ്ടെന്നാൽ ബാബ സർവ്വശക്തികളുടേയും അധികാരിയാണ്. ബാബ പറയുന്നു ഞാൻ ജ്ഞാനസാഗരനും കൂടിയാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ സൃഷ്ടി ചക്രത്തെ മനസ്സിലാക്കിക്കഴിഞ്ഞു. മൂലവതനം, സൂക്ഷ്മവതനം.... എല്ലാം ഓർമ്മയുണ്ട്. ബാബയിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അതും ലഭിച്ചിരിക്കുന്നു. അതിനാൽ ജ്ഞാനത്തേയും ധാരണ ചെയ്യണം മാത്രമല്ല രാജധാനിക്കായി ബാബ കുട്ടികൾക്ക് യോഗവും പവിത്രതയും പഠിപ്പിച്ചുതരുന്നു. നിങ്ങൾ പവിത്രമായും മാറുന്നു. ബാബയിൽ നിന്നും രാജധാനിയും നേടുന്നു. ബാബ തന്നേക്കാൾ ഉയർന്ന പദവിയാണ് നൽകുന്നത്. നിങ്ങൾ 84 ജന്മങ്ങൾ എടുത്ത് എടുത്ത് പദവി നഷ്ടപ്പെടുത്തുന്നു. ഈ ജ്ഞാനം നിങ്ങൾ കുട്ടികൾക്ക് ഇപ്പോഴാണ് ലഭിച്ചത്. ഉയർന്നതിലും ഉയർന്നതായി മാറുന്നതിനുള്ള ജ്ഞാനം ഉയർന്നതിലും ഉയർന്ന അച്ഛനിലൂടെ ലഭിക്കുന്നു. കുട്ടികൾക്ക് അറിയാം ഇപ്പോൾ നമ്മൾ ബാപ്ദാദയുടെ വീട്ടിൽ ഇരിക്കുകയാണ്. ഈ ദാദ(ബ്രഹ്മാവ്) അമ്മയുമാണ്. ശിവബാബ വേറെയാണ്, ബാക്കി ബ്രഹ്മാവ് മാതാവും കൂടിയാണ്. പക്ഷേ ഈ ശരീരം പുരുഷന്റേതായതിനാൽ മാതാവെന്ന് പ്രത്യേകം പറയുന്നു, ഇദ്ദേഹത്തെയും ദത്തെടുക്കുകയാണ്. ഇദ്ദേഹത്തിലൂടെയാണ് പിന്നീട് രചനയുണ്ടാകുന്നത്. രചനയും ദത്തെടുക്കലാണ്. അച്ഛൻ കുട്ടികളെ ദത്തെടുക്കുന്നു സമ്പത്ത് നൽകുന്നതിനായി. ബ്രഹ്മാവിനേയും ദത്തെടുക്കുകയാണ്. പ്രവേശിക്കുക അല്ലെങ്കിൽ ദത്തെടുക്കുക രണ്ടും ഒന്നുതന്നെയാണ്. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് മനസ്സിലാക്കിക്കൊടുക്കുന്നുമുണ്ട്- നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് എല്ലാവർക്കും ഇതാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത് അതായത് നമ്മൾ നമ്മുടെ പരമപിതാ പരമാത്മാവിന്റെ ശ്രീമതത്തിലൂടെ ഈ ഭാരതത്തെ വീണ്ടും ശ്രേഷ്ഠത്തിലും ശ്രേഷ്ഠമാക്കി മാറ്റുകയാണ്, എങ്കിൽ സ്വയവും ആയിമാറണം. സ്വയം നോക്കണം ഞാൻ ശ്രേഷ്ഠനായി മാറിയോ? എന്തെങ്കിലും ഭ്രഷ്ടാചാരത്തിന്റെ കാര്യങ്ങൾ ചെയ്ത് ആർക്കും ദുഃഖം നൽകുന്നില്ലല്ലോ? ശിവബാബ ഒരിയ്ക്കലും ആർക്കും ദുഃഖം നൽകില്ല. ബാബ പറയുന്നു ഞാൻ കല്പ കല്പം നിങ്ങൾ കുട്ടികളെ ഈ പരിധിയില്ലാത്ത കഥ കേൾപ്പിക്കുന്നുണ്ട്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ ഇപ്പോൾ നമ്മുടെ വീട്ടിലേയ്ക്ക് പോകും പിന്നീട് പുതിയ ലോകത്തിലേയ്ക്ക് വരും. ഇപ്പോഴുള്ള പഠിപ്പിന്റെ ആധാരത്തിൽ നിങ്ങൾ അവസാനം ട്രാൻസ്ഫറാകും. തിരികെ വീട്ടിൽ ചെന്നിട്ട് പിന്നീട് നമ്പർ അനുസരിച്ച് പാർട്ട് അഭിനയിക്കാനായി വരും.

ഇവിടെ രാജധാനി സ്ഥാപിതമാവുകയാണ്.
കുട്ടികൾക്ക് അറിയാം ഇപ്പോൾ എന്ത് പുരുഷാർത്ഥം ചെയ്യുന്നുവോ അതേ പുരുഷാർത്ഥം നിങ്ങൾക്ക് കല്പ കല്പങ്ങളിലേയ്ക്ക് സിദ്ധമാകും. ആദ്യമാദ്യം എല്ലാവരും ബുദ്ധിയിൽ ഈ കാര്യം ഇരുത്തണം അതായത് രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും ജ്ഞാനം ബാബയ്ക്കല്ലാതെ മറ്റാർക്കും അറിയുകയില്ല. ഉയർന്നതിലും ഉയർന്ന ബാബയുടെ പേരിനെത്തന്നെ മുക്കിക്കളഞ്ഞു. ത്രിമൂർത്തി എന്ന പേരുണ്ട്, ത്രിമൂർത്തി എന്ന വഴിയുമുണ്ട്, ത്രിമൂർത്തി വീടുമുണ്ട്. ത്രിമൂർത്തി എന്നു പറയുന്നത് ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരെയാണ്. ഈ മൂന്നുപേരുടേയും രചയിതാവായ ശിവബാബയുടെ അഥവാ പ്രധാനപ്പെട്ട ആളുടെ പേരിനെ മുക്കിക്കളഞ്ഞു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ഉയർന്നതിലും ഉയർന്നതാണ് ശിവബാബ, പിന്നീടാണ് ത്രിമൂർത്തികൾ. ബാബയിൽ നിന്നും നമ്മൾ കുട്ടികൾ ഈ സമ്പത്ത് നേടുന്നു. ബാബയുടെ ജ്ഞാനവും സമ്പത്തും ഇവ രണ്ടും സ്മൃതിയിൽ ഉണ്ടെങ്കിൽ സദാ ഹർഷിതമായിരിക്കും. ബാബയുടെ ഓർമ്മയിൽ ഇരുന്ന് പിന്നീട് നിങ്ങൾ ആരിൽ ജ്ഞാനത്തിന്റെ ബാണം എയ്താലും നല്ല ഫലമുണ്ടാകും. അതിൽ ശക്തി നിറയും. ഓർമ്മയുടെ യാത്രയിലൂടെയേ ശക്തി നിറയൂ. ഇപ്പോൾ ശക്തി അപ്രത്യക്ഷമായിരിക്കുന്നു എന്തുകൊണ്ടെന്നാൽ ആത്മാവ് പതിതവും തമോപ്രധാനവുമായിരിക്കുന്നു. ഇപ്പോൾ പ്രധാനമായും ഈ ചിന്തയുണ്ടായിരിക്കണം അതായത് നമുക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറണം. മന്മനാഭവ എന്നതിന്റെ അർത്ഥവും ഇതുതന്നെയാണ്. ആരാണോ ഗീത പഠിക്കുന്നത് അവരോട് ചോദിക്കണം- മന്മനാഭവ എന്നതിന്റെ അർത്ഥം എന്താണ്? എന്നെ ഓർമ്മിക്കുകയാണെങ്കിൽ സമ്പത്ത് ലഭിക്കും എന്ന് ആരാണ് പറഞ്ഞത്? പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നത് കൃഷ്ണനൊന്നുമല്ല. കൃഷ്ണൻ രാജകുമാരനാണ്. ബ്രഹ്മാവിലൂടെ സ്ഥാപന എന്നത് പാടപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതും ആരാണ്? മറന്നുപോയി. അവരെ സർവ്വവ്യാപി എന്നു പറയുന്നു. ബ്രഹ്മാ വിഷ്ണു ശങ്കരന്മാർ എല്ലാവരിലും ഭഗവാൻ തന്നെയാണുള്ളത് എന്ന് പറയുന്നു. ഇപ്പോൾ ഇതിനെ അജ്ഞാനം എന്നാണ് പറയുക. ബാബ പറയുന്നു നിങ്ങളെ 5 വികാരങ്ങളാകുന്ന രാവണൻ എത്ര വിവേകശൂന്യരാക്കി മാറ്റി. നിങ്ങൾക്ക് അറിയാം നമ്മളും മുമ്പ് ഇങ്ങനെയായിരുന്നു. അതെ, ആദ്യം ഉത്തമത്തിലും ഉത്തമനും നമ്മളായിരുന്നു പിന്നീട് അധ:പതിച്ച് മഹാ പതിതനായും മാറി. ശാസ്ത്രങ്ങളിൽ കാണിച്ചിട്ടുണ്ട് ഭഗവാൻ രാമൻ കുരങ്ങന്മാരുടെ സേനയെ ഉപയോഗിച്ചു, ഇതും ശരിയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ ആദ്യം കുരങ്ങന്മാരെപ്പോലെയായിരുന്നു. ഇപ്പോൾ അനുഭവമാകുന്നുണ്ട് ഇതാണ് ഭ്രഷ്ടാചാരീ ലോകം. പരസ്പരം ഗ്ലാനി ചെയ്തുകൊണ്ടും മുള്ളുകൊണ്ട് കുത്തിനോവിച്ചുകൊണ്ടുമിരിക്കുന്നു. ഇത് മുള്ളുകളുടെ കാടാണ്. അത് പൂക്കളുടെ പൂന്തോട്ടമാണ്. കാട് വളരെ വലുതായിരിക്കും. പൂന്തോട്ടം വളരെ ചെറുതായിരിക്കും. പൂന്തോട്ടം വലുതായിരിക്കില്ല. കുട്ടികൾ മനസ്സിലാക്കുന്നുണ്ട് ഈ സമയത്ത് ഇത് വളരെ വലിയ മുൾക്കാടാണ്. സത്യയുഗത്തിൽ പൂക്കളുടെ പൂന്തോട്ടം വളരെ ചെറുതായിരിക്കും. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികളും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ് മനസ്സിലാക്കുന്നത്. ആരിലാണോ ജ്ഞാനവും യോഗവും ഇല്ലാത്തത്, സേവനത്തിൽ താല്പര്യമില്ലാത്തത് അവർക്ക് ഉള്ളിൽ അത്രത്തോളം സന്തോഷവും ഉണ്ടാകില്ല. ദാനം ചെയ്യുന്നതിലൂടെ മനുഷ്യർക്ക് സന്തോഷം ലഭിക്കുന്നു. മനസ്സിലാക്കുന്നു ഇവർ മുൻ ജന്മത്തിൽ ദാന പുണ്യങ്ങൾ ചെയ്തിട്ടുണ്ട് അതിനാലാണ് നല്ല ജന്മം ലഭിച്ചത്. ചില ഭക്തരുണ്ട്, അവർ കരുതും ഞാൻ പോയി നല്ല ഏതെങ്കിലും ഭക്തന്റെ വീട്ടിൽ ജന്മമെടുക്കും. നല്ല കർമ്മങ്ങളുടെ ഫലവും നല്ലതായാണ് ലഭിക്കുക. ബാബ ഇരുന്ന് കർമ്മം-അകർമ്മം- വികർമ്മം എന്നിവയുടെ ഗതി കേൾപ്പിക്കുകയാണ്. ലോകർക്ക് ഈ കാര്യം അറിയില്ല. നിങ്ങൾക്ക് അറിയാം ഇപ്പോൾ രാവണരാജ്യമായതിനാൽ എല്ലാ മനുഷ്യരുടേയും കർമ്മം വികർമ്മമായി മാറുന്നു. പതിതമായി മാറുകതന്നെ വേണം. എല്ലാവരിലും 5 വികാരങ്ങൾ പ്രവേശിച്ചിട്ടുണ്ട്. തീർത്ഥയാത്രയും ദാന പുണ്യങ്ങൾ ചെയ്യുന്നുണ്ട് പക്ഷേ അതിന്റെ ഫലം അല്പകാലത്തിലേയ്ക്ക് ലഭിക്കുന്നു. വീണ്ടും പാപം ചെയ്യുന്നുണ്ടല്ലോ. രാവണരാജ്യത്തിൽ എന്തെല്ലാം കൊടുക്കൽ വാങ്ങലുകൾ നടക്കുന്നുണ്ടോ അതെല്ലാം പാപത്തിന്റേതാണ്. ദേവതകൾക്കുമുന്നിൽ എത്ര ശുദ്ധമായി പ്രസാദം സമർപ്പിക്കുന്നു. ശുദ്ധമായിട്ടാണ് വരുന്നത് പക്ഷേ ഒന്നും അറിയുന്നില്ല. പരിധിയില്ലാത്ത അച്ഛനേയും എത്ര ഗ്ലാനി ചെയ്യുന്നു. ഈശ്വരൻ സർവ്വവ്യാപിയാണ്, സർവ്വശക്തിവാനാണ് എന്നെല്ലാം പറയുന്നത് ഈശ്വരന്റെ മഹിമയാണ് എന്നാണ് അവർ കരുതുന്നത്, പക്ഷേ ഇതെല്ലാം അവരുടെ തലതിരിഞ്ഞ അഭിപ്രായങ്ങളാണ്.
നിങ്ങൾ ആദ്യമാദ്യം ബാബയുടെ മഹിമ കേൾപ്പിക്കുന്നു അതായത് ഉയർന്നതിലും ഉയർന്ന ഭഗവാൻ ഒന്നേയുള്ളു, നമ്മൾ അവരെയാണ് ഓർമ്മിക്കുന്നത്. രാജയോഗത്തിന്റെ പ്രധാന ലക്ഷ്യവും മുന്നിലുണ്ട്. ഈ രാജയോഗം ബാബതന്നെയാണ് പഠിപ്പിക്കുന്നത്. കൃഷ്ണനെ അച്ഛൻ എന്നു വിളിക്കില്ല, കൃഷ്ണൻ കുട്ടിയാണ്, ശിവനെയാണ് ബാബാ എന്ന് വിളിക്കുന്നത്. ബാബയ്ക്ക് സ്വന്തമായി ശരീരമില്ല. ഇത് ഞാൻ ലോണായി എടുത്തതാണ് അതിനാലാണ് ബാപ്ദാദ എന്നു വിളിക്കുന്നത്. ഇത് ഉയർന്നതിലും ഉയർന്ന നിരാകാരനായ ബാബയാണ്. രചനയ്ക്ക് രചനയിൽ നിന്നും സമ്പത്ത് ലഭിക്കുക സാധ്യമല്ല. ലൗകിക

സംബന്ധത്തിൽ കുട്ടികൾക്ക് അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. പെൺകുട്ടികൾക്ക് ലഭിക്കില്ല.
ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നു നിങ്ങൾ ആത്മാക്കൾ എന്റെ കുട്ടികളാണ്. പ്രജാപിതാ ബ്രഹ്മാവിന്റെ ആൺകുട്ടികളും പെൺകുട്ടികളുമാണ്. ബ്രഹ്മാവിൽ നിന്നും സമ്പത്ത് ലഭിക്കില്ല. ബാബയുടേതായി മാറുന്നതിലൂടെയേ സമ്പത്ത് ലഭിക്കൂ. ബാബ ഇവിടെ നിങ്ങൾ കുട്ടികളുടെ സന്മുഖത്തിരുന്ന് മനസ്സിലാക്കിത്തരുകയാണ്. ഇതിൽ നിന്നും ശാസ്ത്രങ്ങളൊന്നും ഉണ്ടാകില്ല. നിങ്ങൾ എഴുതുന്നുണ്ട് പുസ്തകങ്ങൾ അച്ചടിക്കുന്നുണ്ട് പക്ഷേ ടീച്ചറില്ലാതെ ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ടീച്ചറില്ലാതെ പുസ്തകത്തിൽ നിന്നും ഒന്നും മനസ്സിലാക്കാൻ പറ്റില്ല. ഇപ്പോൾ നിങ്ങൾ ആത്മീയ ടീച്ചേഴ്സാണ്. ബാബയാണ് ബീജരൂപം, ബാബയിൽ മുഴുവൻ വൃക്ഷത്തിന്റേയും ആദി മദ്ധ്യ അന്ത്യ രഹസ്യമുണ്ട്. ടീച്ചറുടെ രൂപത്തിൽ ഇരുന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ കുട്ടികൾക്കാണെങ്കിൽ സദാ സന്തോഷം ഉണ്ടായിരിക്കണം അതായത് പരമപിതാവ് നമ്മെ തന്റെ കുട്ടികളാക്കി മാറ്റി, അവർ തന്നെയാണ് ടീച്ചറായി മാറി നമ്മെ പഠിപ്പിക്കുന്നത്. സത്യമായ സദ്ഗുരുകൂടിയാണ്, കൂടെ കൊണ്ടുപോവുകയും ചെയ്യും. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരാളാണ്. ഉയർന്നതിലും ഉയർന്ന ബാബ തന്നെയാണ് ഭാരതത്തിന് ഒരോ 5000 വർഷങ്ങൾക്കും ശേഷം സമ്പത്ത് നൽകുന്നത്. ബാബയുടെ ശിവജയന്തി ആഘോഷിക്കുന്നു. വാസ്തവത്തിൽ ബാബയോടൊപ്പം ത്രിമൂർത്തികളും ഉണ്ടാകണം. നിങ്ങൾ ത്രിമൂർത്തി ശിവജയന്തി ആഘോഷിക്കുന്നു. കേവലം ശിവജയന്തി ആഘോഷിക്കുന്നതിലൂടെ ഒന്നും സിദ്ധമാകുന്നില്ല. ബാബ വരുന്നു അതിലൂടെ ബ്രഹ്മാവിന്റെ ജന്മമുണ്ടാകുന്നു. കുട്ടിയായി മാറി, ബ്രാഹ്മണനായി മാറി പിന്നെ പ്രധാനലക്ഷ്യവും മുന്നിലുണ്ട്. ബാബ സ്വയം വന്ന് സ്ഥാപന ചെയ്യുന്നു. പ്രധാനലക്ഷ്യവും വളരെ വ്യക്തമാണ് കേവലം കൃഷ്ണന്റെ പേരുവെച്ചതിനാൽ മുഴുവൻ ഗീതയുടേയും മഹത്വം ഇല്ലാതായി. ഇതും ഡ്രാമയിൽ ഉള്ളതാണ്. ഈ തെറ്റ് വീണ്ടും സംഭവിക്കാനുള്ളതാണ്. മുഴുവൻ കളിയും ജ്ഞാനത്തിന്റെയും ഭക്തിയുടേതുമാണ്. ബാബ പറയുന്നു ഓമന മക്കളേ, സുഖധാമം, ശാന്തിധാമം എന്നിവയെ ഓർമ്മിക്കൂ. അല്ലാഹുവും സമ്പത്തും എത്ര സഹജമാണ്. നിങ്ങൾ ആരോട് വേണമെങ്കിലും ചോദിച്ചോളൂ മന്മനാഭവയുടെ അർത്ഥം എന്താണ്? നോക്കൂ അവർ എന്താണ് പറയുന്നത്? ചോദിക്കൂ ഭഗവാൻ എന്ന് ആരെയാണ് വിളിക്കുന്നത്? ഉയർന്നതിലും ഉയർന്നത് ഭഗവാനല്ലേ. അവരെ സർവ്വവ്യാപി എന്ന് പറയാൻ പറ്റുമോ. ഭഗവാൻ എല്ലാവരുടേയും പിതാവാണ്. ഇപ്പോൾ ത്രിമൂർത്തി ശിവജയന്തി വരികയാണ്. നിങ്ങൾ ത്രിമൂർത്തി ശിവന്റെ ചിത്രം പുറത്തിറക്കണം. ഉയർന്നതിലും ഉയർന്നത് ശിവനാണ്, പിന്നീട് സൂക്ഷ്മ വതനവാസി ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ. ഉയർന്നതിലും ഉയർന്നത് ശിവബാബയാണ്. ബാബ ഭാരതത്തെ സ്വർഗ്ഗമാക്കുന്നു. അവരുടെ ജയന്തി നിങ്ങൾ എന്തുകൊണ്ടാണ് ആഘോഷിക്കാത്തത്? തീർച്ചയായും ഭാരതത്തിന് സമ്പത്ത് നൽകിയിരുന്നു. ശിവന്റെ രാജ്യമുണ്ടായിരുന്നു. ഇതിൽ നിങ്ങൾക്ക് ആര്യസമാജികൾ സഹായം നൽകും എന്തെന്നാൽ അവരും ശിവനെ അംഗീകരിക്കുന്നുണ്ട്. നിങ്ങൾ നിങ്ങളുടെ കൊടി ഉയർത്തൂ. ഒരു ഭാഗത്ത് ത്രിമൂർത്തികളുടെ ഗോളം, മറുവശത്ത് കൊടി. വാസ്തവത്തിൽ നിങ്ങളുടെ കൊടി ഇങ്ങനെയുള്ളതായിരിക്കണം. ഉണ്ടാക്കാൻ പറ്റുമല്ലോ. എല്ലാവർക്കും കാണാൻ പറ്റുന്ന തരത്തിൽ കൊടി ഉയർത്തൂ. മുഴുവൻ കാര്യങ്ങളും ഇതിലുണ്ട്. കല്പ വൃക്ഷവും ഡ്രാമയും ഇതിൽ വളരെ വ്യക്തമാണ്. നമ്മുടെ ധർമ്മം പിന്നീട് എപ്പോൾ ഉണ്ടാകും എന്നത് എല്ലാവർക്കും മനസ്സിലാകും. സ്വയം തന്നെത്താൻ കണക്കെടുക്കും. എല്ലാവർക്കും ഈ ചക്രവും വൃക്ഷവും ഉപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കണം. ക്രിസ്തു എപ്പോഴാണ് വന്നത്? ഇത്രയും സമയം ആ ആത്മാക്കൾ എവിടെയാണ് വസിച്ചത്? നിരാകാരീ ലോകത്തിലാണ് എന്ന് തീർച്ചയായും പറയും. നമ്മൾ ആത്മാക്കൾ ഇവിടെ വന്ന് രൂപം മാറി സാകാരമാകുന്നു. അങ്ങും രൂപം മാറി സാകാരത്തിൽ വരൂ– എന്ന് ബാബയോടും പറയാറില്ലേ. വരുകയാണെങ്കിൽ ഇവിടേയ്ക്കല്ലേ വരുക. സൂക്ഷ്മവതനത്തിലേയ്ക്ക് വരില്ല. എങ്ങനെയാണോ നമ്മൾ രൂപം മാറി പാർട്ട് അഭിനയിക്കുന്നത് അതുപോലെ അങ്ങും വരൂ വന്ന് രാജയോഗം പഠിപ്പിക്കൂ. രാജയോഗം ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റാനുള്ളതാണ്. ഇത് വളരെ സഹജമായ കാര്യമാണ്. കുട്ടികൾക്ക് ലഹരിയുണ്ടാകണം. ധാരണ ചെയ്ത് മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കണം. അതിനായി എഴുത്ത്കുത്ത് നടത്തണം. ബാബ വന്ന് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു എന്ന് പറയുന്നുമുണ്ട് അതിനാൽ ത്രിമൂർത്തി ശിവന്റെ ചിത്രം എല്ലാവർക്കും അയച്ചുകൊടുക്കണം. ത്രിമൂർത്തി ശിവന്റെ സ്റ്റാമ്പ് ഉണ്ടാക്കണം. ഈ സ്റ്റാമ്പ് ഉണ്ടാക്കുന്നവർക്കും ഡിപ്പാർട്ട്മെന്റ് ഉണ്ടാകും. ഡെൽഹിയിൽ പഠിപ്പുള്ളവർ ധാരാളമുണ്ടാകും. ഈ ജോലി ചെയ്യാൻ പറ്റും. നിങ്ങളുടെ തലസ്ഥാനവും ഡെൽഹിയല്ലേ. മുമ്പ് ഡെൽഹിയെ പരിസ്ഥാൻ എന്നാണ് വിളിച്ചിരുന്നത്. ഇപ്പോൾ ശവപ്പറമ്പാണ്. അതിനാൽ ഈ കാര്യങ്ങൾ മുഴുവനും കുട്ടികളുടെ ബുദ്ധിയിൽ വരണം.
ഇപ്പോൾ നിങ്ങൾ സദാ സന്തോഷമായിരിക്കണം, വളരെ വളരെ മധുരമായി മാറണം. എല്ലാവരേയും സ്നേഹത്തോടെ മുന്നോട്ട് നയിക്കണം. സർവ്വഗുണസമ്പന്നരും 16 കലാ സമ്പൂർണ്ണരുമായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. നിങ്ങളുടെ പുരുഷാർത്ഥത്തിന്റെ ലക്ഷ്യം ഇതുതന്നെയാണ് പക്ഷേ

ഇതുവരേയ്ക്കും ആരും ആയിട്ടില്ല. ഇപ്പോൾ നിങ്ങളുടെ ഉയരുന്ന കല ഉണ്ടാവുകയാണ്. പതുക്കെ പതുക്കെ കയറുകയല്ലേ. അതിനാൽ ബാബ സർവ്വ പ്രകാരത്തിലും ശിവജയന്തിയിൽ സേവനം ചെയ്യുന്നതിനുള്ള സൂചനകൾ നൽകിക്കൊണ്ടിരിക്കുകയാണ് ഇതിലൂടെ മനുഷ്യർ മനസ്സിലാക്കും ഇവരുടെ ജ്ഞാനം വളരെ ശ്രേഷ്ഠമായതാണെന്ന്. മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ എത്ര പരിശ്രമം വേണ്ടിവരുന്നു. പരിശ്രമമില്ലാതെ രാജധാനി ഉണ്ടാകുമോ. കയറുന്നു, വീഴുന്നു വീണ്ടും കയറുന്നു. കുട്ടികൾക്കും എന്തെങ്കിലും കൊടുങ്കാറ്റുകൾ വരുന്നു. പ്രധാന കാര്യം ഓർമ്മയാണ്. ഓർമ്മയിലൂടെ വേണം സതോപ്രധാനമായി മാറാൻ. ജ്ഞാനം സഹജമാണ്. കുട്ടികൾക്ക് വളരെ മധുരത്തിലും മധുരമായി മാറണം. പ്രധാന ലക്ഷ്യം മുന്നിലുണ്ട്. ഈ ലക്ഷ്മീ നാരായണന്മാർ എത്ര മധുരമാണ്. ഇവരെക്കാണുമ്പോൾ എത്ര സന്തോഷം തോന്നുന്നു. നമ്മൾ വിദ്യാർത്ഥികളുടെ ലക്ഷ്യം ഇതാണ്. ഭഗവാനാണ് പഠിപ്പിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) ബാബയിലൂടെ ലഭിച്ച ജ്ഞാനത്തേയും സമ്പത്തിനേയും സ്മൃതിയിൽ വെച്ച് സദാ ഹർഷിതമായിരിക്കണം. ജ്ഞാനവും യോഗവും ഉണ്ടെങ്കിൽ സേവനത്തിൽ താല്പര്യം കാണിക്കണം.

2) സുഖധാമത്തേയും ശാന്തിധാമത്തേയും ഓർമ്മിക്കണം. ഈ ദേവതകളേപ്പോലെ മധുരമായി മാറണം. അപാരമായ സന്തോഷത്തിൽ കഴിയണം. ആത്മീയ ടീച്ചറായി മാറി ജ്ഞാനം ദാനം ചെയ്യണം.

## വരദാനം:- ദേഹം, സംബന്ധം, വൈഭവങ്ങൾ ഇവയുടെ ബന്ധനത്തിൽ നിന്ന് മുക്തരായി ബാബക്ക് സമാനം കർമ്മാതീതരായി ഭവിക്കട്ടെ.

ആരാണോ നിമിത്തമാത്രം നിർദ്ദേശപ്രകാരം കുടുംബ വ്യവഹാരങ്ങൾ സംരക്ഷിച്ചുകൊണ്ട് ആത്മീയ സ്വരൂപത്തിലിരിക്കുന്നത് , മോഹം കാരണമല്ല, അവർക്ക് അഥവാ ഉടൻ എത്തിച്ചേരണമെന്ന് നിർദ്ദേശം ലഭിച്ചാൽ എത്തിച്ചേരും. സൈറൺ മുഴങ്ങി പിന്നെ ചിന്തിക്കാൻ പോലും സമയമെടുക്കില്ല- അപ്പോൾ പറയാം നഷ്ടോമോഹ. അതിനാൽ സദാ സ്വയത്തെ ചെക്ക് ചെയ്യണം അതായത് ദേഹത്തിന്റെയോ സംബന്ധത്തിന്റെയോ വൈഭവങ്ങളുടെയോ ബന്ധനം അതിനുനേരെ ആകർഷിക്കുന്നില്ലല്ലോ. എന്നാൽ ആര് സ്വതന്ത്രരാണോ അവർ ബാബക്ക് സമാനം കർമ്മാതീത സ്ഥിതിയുടെ സമീപത്തായിരിക്കും.

## സ്ലോഗൻ:- സ്നേഹവും സഹയോഗവും ഒപ്പം ശക്തിരൂപവുമാകൂ എങ്കിൽ രാജധാനിയിൽ മുന്നിലെ നമ്പർ ലഭിക്കും.

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

ഇപ്പോൾ എത്രത്തോളം ശരീരവും, മനസ്സും ധനവും സമയവും പ്രയോജനപ്പെടുത്തുന്നുവോ അവയിലൂടെ മനസാ ശക്തിയിലൂടെ സേവനം ചെയ്യുന്നതിലൂടെ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ സഫലത ലഭിക്കും. ഇപ്പോൾ സ്വയത്തെ പ്രതി ഇടക്കിടെ പ്രയത്നം ചെയ്യേണ്ടി വരുന്നത്-തന്റെ സ്വഭാവത്തെ പരിവർത്തനപ്പെടുത്തുന്നതിൽ അഥവാ സംഘടനയിൽ സഹയോഗം ചെയ്യുന്നതിൽ അല്ലെങ്കിൽ സേവനത്തിൽ സഫലത ചിലപ്പോൾ കുറയുന്നത് കണ്ട് നിരാശരാകുന്നത്-ഇവയെല്ലാം സമാപ്തമാകും.